## 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 872** — **07-12-2022 - ൽ മറുപടിയ്ക്ക്**

### ഭൂരഹിത പുനരധിവാസ പദ്ധതിയിൻ കീഴിലുള്ള ഭൂമിയുടെ കൈമാറ്റം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം വിതരണം ചെയ്യുന്ന ഭൂമി, ഭവനം എന്നിവ കുടുംബാംഗങ്ങൾക്ക് ഉണ്ടാകുന്ന ഗുരുതരമായ അസുഖത്തിന്റെ ചികിത്സ, പെൺമക്കളുടെ വിവാഹം തുടങ്ങി ജീവിതത്തിൽ എന്ത് പ്രതിസന്ധി ഉണ്ടായാലും വിൽക്കുവാനോ, കൈമാറാനോ പണയം വെക്കാനോ കഴിയാത്തത് പിന്നോക്കക്കാരായ പട്ടികജാതി / പട്ടികവർഗ്ഗക്കാർക്ക് പ്രതിസന്ധി ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | **ഉണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികജാതി വിഭാഗക്കാർക്കായി വകുപ്പ മുഖേന അനുവദിക്കുന്ന ഭൂമിയും വീടും ഗുണഭോക്താവിന്റെ ഭവന നിർമ്മാണം, തനിക്കോ കുടുംബാംഗങ്ങൾക്കോ ഉണ്ടാകുന്ന ഗുരുതരമായ അസുഖം, പെൺമക്കളുടെ വിവാഹം, കുട്ടികളുടെ വിദ്യാഭ്യാസം എന്നീ ആവശ്യങ്ങൾക്കായി ബന്ധപ്പെട്ട ബ്ലോക്ക്/ മുൻസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പൊതുമേഖല/ഷെഡ്യൂൾഡ്/ സഹകരണ ബാങ്കുകൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നീ ധനകാര്യ സ്ഥാപനങ്ങളിൽ വായ്പയ്ക്കായി പണയപ്പെടുത്തുന്നതിന് സ.ഉ(കൈ)നം. 13/2022/SCSTDD തീയതി 10.3.22 പ്രകാരം അനുമതി നൽകി ഉത്തരവായിട്ടുണ്ട്.**<br><br>**പട്ടികവർഗ്ഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ചികിത്സാധനസഹായം വകുപ്പ് നൽകി വരുന്നുണ്ട്. ഗുരുതരമായ അസുഖങ്ങൾക്ക് പ്രത്യേക ഉത്തരവുകളിലൂടെയും ധനസഹായം അനുവദിക്കുന്നു. നിർദ്ധനരായ കുടുംബത്തിലെ പെൺകുട്ടികളുടെ വിവാഹത്തിന് വ്യവസ്ഥകൾക്ക് വിധേയമായി വിവാഹധനസഹായവും അനുവദിച്ചു വരുന്നു.** |
| (ബി) | പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ? | (ബി) | **ഉണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികജാതി വിഭാഗക്കാർക്കായി വകുപ്പ മുഖേന അനുവദിക്കുന്ന ഭൂമിയും വീടും ഗുണഭോക്താവിന്റെ ഭവന നിർമ്മാണം, തനിക്കോ കുടുംബാംഗങ്ങൾക്കോ ഉണ്ടാകുന്ന ഗുരുതരമായ അസുഖം, പെൺമക്കളുടെ** |

| | | | |
|---|---|---|---|
| | | | **വിവാഹം, കുട്ടികളുടെ വിദ്യാഭ്യാസം എന്നീ ആവശ്യങ്ങൾക്കായി ബന്ധപ്പെട്ട ബ്ലോക്ക്/ മുൻസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പൊതുമേഖല/ഷെഡ്യൂൾഡ്/ സഹകരണ ബാങ്കുകൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നീ ധനകാര്യ സ്ഥാപനങ്ങളിൽ വായ്പയ്ക്കായി പണയപ്പെടുത്തുന്നതിന് സ.ഉ(കൈ)നം. 13/2022/SCSTDD തീയതി 10.3.22 പ്രകാരം അനുമതി നൽകി ഉത്തരവായിട്ടുണ്ട്.**<br><br>**പട്ടികവർഗ്ഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ചികിത്സാധനസഹായം വകുപ്പ് നൽകി വരുന്നുണ്ട്. ഗുരുതരമായ അസുഖങ്ങൾക്ക് പ്രത്യേക ഉത്തരവുകളിലൂടെയും ധനസഹായം അനുവദിക്കുന്നു. നിർദ്ധനരായ കുടുംബത്തിലെ പെൺകുട്ടികളുടെ വിവാഹത്തിന് വ്യവസ്ഥകൾക്ക് വിധേയമായി വിവാഹധനസഹായവും അനുവദിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ